സംസ്ഥാന നദികളിൽനിന്നും തമിഴ്നാട് ചോർത്തുന്ന വെള്ളത്തിന്റെ അളവ്

23 [T5986] ശ്രീ. പി. ടി. തോമസ്:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. സി. വേണുഗോപാൽ:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്ഭവിക്കുകയും സംസ്ഥാനത്തു കൂടി ഒഴുകുകയും ചെയ്യുന്ന ഏതെല്ലാം നദികളിൽ നിന്നും അണക്കെട്ടുകളിൽനിന്നും സംസ്ഥാന ഗവൺമെന്റിന്റെ അറിവോ അനുവാദമോ കൂടാതെ തമിഴ്നാടിന് വെള്ളം കൊടുക്കുകയോ തമിഴ്നാട് വെള്ളം എടുക്കുകയോ ചെയ്യുന്നുണ്ട്; ഇത് സംബന്ധിച്ച വിവരം വിശദമാക്കാമോ:

(ബി) ഈ വിധത്തിൽ പ്രതിവർഷം തമിഴ്നാടിന് കൊടുക്കുകയും തമിഴ്നാട് എടുക്കുകയും ചെയ്യുന്ന വെള്ളത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ:

(സി) പ്രസ്തുത പ്രവർത്തനങ്ങൾ നിറുത്തലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉത്ഭവിക്കുകയും സംസ്ഥാനത്ത് കൂടി ഒഴുകുകയും ചെയ്യുന്ന നദികളിൽ നിന്നും തമിഴ്നാട് സർക്കാർ കേരളത്തിന്റെ അനുമതിയില്ലാതെ ജലം എടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളത്തിലെ നെയ്യാറിൽനിന്നും തമിഴ്നാടിന് സൗജന്യമായി ജലം നൽകുന്നുണ്ട്. 1951-ൽ നിർമ്മാണം ആരംഭിച്ച നെയ്യാർ പ്രോജക്ടിന്റെ ചില ഭാഗങ്ങൾ കന്യാകുമാരി ജില്ലയിലെ വിളവംകോട് താലൂക്കിൽ ഉൾപ്പെടുകയും പ്രസ്തുത ഭാഗം 1956-ലെ സംസ്ഥാന പുനഃസംഘടനയോടെ തമിഴ്നാടിന്റെ അധീനതയിൽ വന്നു ചേരുകയും ചെയ്തു. ഈ പ്രദേശത്തെ കൃഷി ആവശ്യത്തിനായി നെയ്യാർ പ്രോജക്ടിൽ നിന്നും തമിഴ്നാടിന് സൗജന്യമായി ജലം നൽകിവരുന്നുണ്ട്.

(ബി) നെയ്യാർ അണക്കെട്ടിൽനിന്നും പ്രതിവർഷം ഏകദേശം 0.642 റ്റി.എം. സി. വെള്ളം സൗജന്യമായി തമിഴ്നാടിന് നൽകിവരുന്നു.

(സി) കേരളത്തിലെ ജലസമ്പത്ത് തമിഴ്നാട്ടിലേക്ക് കടത്തുന്നുണ്ടോ എന്നു പരിശോധിക്കുവാൻ ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒരു സംഘത്തെ നിയോഗിച്ചിട്ടുണ്ട്. എന്നാൽ നെയ്യാറിൽനിന്നും തമിഴ്നാടിന് ജലം നൽകുന്നത് നിർത്തിവെയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. തമിഴ്നാടിന് നൽകുന്ന ജലത്തിന് വില ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

T മാറ്റിവെക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly